**മധുരമായ കുട്ടികളേ – ബാബ നിങ്ങളെ പുരുഷോത്തമനാകുന്നതിനു വേണ്ടി പഠിപ്പിച്ചു കൊണ്ടിരിക്കുന്നു, നിങ്ങൾ ഇപ്പോൾ കനിഷ്ഠനിൽ നിന്നും ഉത്തമ പുരുഷനാകുന്നു, ഏററവും ഉത്തമർ ദേവതമാരാണ്.**

**ചോദ്യം :–** ഇവിടെ നിങ്ങൾ കുട്ടികൾ സത്യയുഗത്തിൽ ഇല്ലാത്ത ഏതൊരു പരിശ്രമമാണ് ചെയ്യുന്നത് ?
**ഉത്തരം :–** ഇവിടെ നിങ്ങൾ ദേഹസഹിതം ദേഹത്തിന്റെ സർവ്വ – സംബന്ധങ്ങളും മറന്ന് ആത്മാഭിമാനിയായി ശരീരം ഉപേക്ഷിക്കുന്നതിൽ വളരെ പരിശ്രമിക്കുന്നു. സത്യയുഗത്തിൽ പരിശ്രമമില്ലാതെ ഇരിക്കെ – ഇരിക്കെ ശരീരം ഉപേക്ഷിക്കും. നമ്മൾ ആത്മാവാണ്, നമുക്ക് ഈ പഴയ ലോകം, പഴയ ശരീരം ഉപേക്ഷിക്കണം, പുതിയത് എടുക്കണം, ഇപ്പോൾ ഈ പരിശ്രമം അഥവാ അഭ്യാസമാണ ചെയ്യുന്നത്. സത്യയുഗത്തിൽ ഈ അഭ്യാസത്തിന്റെ ആവശ്യമില്ല.

**ഗീതം:** ദൂരെ ദേശത്ത് വസിക്കുന്നവനേ........................

**ഓം ശാന്തി.** മധുരമായ–മധുരമായ ആത്മീയ കുട്ടികൾ അറിയുന്നു അതായത് വീണ്ടും എന്നാൽ കല്പ –കല്പത്തിന് ശേഷം. ഇതിനെയാണ് പറയുന്നത് വീണ്ടും ദൂരദേശത്ത് വസിക്കുന്നവൻ പരദേശത്ത് വന്നു. ഇത് കേവലം ആ ഒരേയൊരു ബാബയെ കുറിച്ചാണ് പാടുന്നത്, എല്ലാവരും ഓർമ്മിക്കുന്നത് ആ ബാബയെ തന്നെയാണ്, ബാബ വിചിത്രനാണ്. ബാബയ്ക്ക് തന്റേതായ ശരീരം ഇല്ല. ബ്രഹ്മാ, വിഷ്ണു, ശങ്കർ പോലും ദേവതയാണ്. ശിവ ഭഗവാനു വാചാ എന്ന് പറയുന്നു, പരംധാമിലാണ് വസിക്കുന്നത്. ആ ബാബയെ സുഖധാമിൽ ആരും വിളിക്കുന്നില്ല, ദു:ഖധാമിൽ എല്ലാവരും വിളിക്കുന്നു. ബാബ വരുന്നതും സംഗമയുഗത്തിലാണ്. ഇത് നമ്മൾ കുട്ടികൾ അറിയുന്നു – സത്യയുഗത്തിൽ മുഴുവൻ വിശ്വത്തിലും നമ്മൾ പുരുഷോത്തമരാണ് വസിച്ചിരുന്നത്. അവിടെ മദ്ധ്യമം, കനിഷ്ഠം ഇല്ല. ഉത്തമനിലും ഉത്തമ പുരുഷൻ ഈ ശ്രീ ലക്ഷ്മി – നാരായണനാണല്ലോ. ശ്രീ–ശ്രീ ശിവബാബയാണ് അവരെ അങ്ങനെയാക്കി മാററിയത്. ശ്രീ –ശ്രീ എന്ന് ആ ശിവബാബയെ തന്നെയാണ് പറയുന്നത്. ഇന്നത്തെ കാലത്ത് സന്യാസിമാർ പോലും സ്വയത്തെ ശ്രീ – ശ്രീ എന്ന് പറയുന്നു. അതിനാൽ ബാബ തന്നെ വന്ന് ഈ സൃഷ്ടിയെ പുരുഷോത്തമമാക്കുന്നു. സത്യയുഗത്തിൽ മുഴുവൻ സൃഷ്ടിയിലും പുരുഷോത്തമർ തന്നെയാണ് വസിച്ചിരുന്നത്. ഉത്തമനിലും ഉത്തമൻ, കനിഷ്ഠത്തിലും കനിഷ്ഠം ഇതിന്റെ വ്യത്യാസം ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു. കനിഷ്ഠ മനുഷ്യർ തന്റെ അധമ അവസ്ഥ കാണിക്കുന്നു. ഇപ്പോൾ നമൾ മനസിലാക്കുന്നു നമ്മൾ ആരായിരുന്നു, ഇപ്പോൾ വീണ്ടും നമ്മൾ സ്വർഗവാസി പുരുഷോത്തമനായി മാറികൊണ്ടിരിക്കുന്നു. ഇത് സംഗമയുഗം. നിങ്ങൾക്ക് അറിയാം ഈ പഴയ ലോകം പുതിയതാകുന്നു. പഴയതിൽ നിന്ന് പുതിയത്, പുതിയതിൽ നിന്ന് പഴയത് തീർച്ചയായും ആകുന്നു. പുതിയത് സത്യയുഗം, പഴയത് കലിയുഗം. ബാബ സത്യമായ സ്വർണ്ണം, സത്യം പറയുന്നവനാകുന്നു. ആ ബാബയെ ട്രൂത്ത് (സത്യം) എന്ന് പറയുന്നു. എല്ലാ സത്യവും പറഞ്ഞു തരുന്നു. ഈശ്വരൻ സർവ്വവ്യാപിയെന്ന് ആരാണോ പറയുന്നത് അത് അസത്യമാണ്. അതിനാൽ ബാബ ഇപ്പോൾ പറയുന്നു – അസത്യം കേൾക്കരുത്. മോശമായത് കേൾക്കരുത്, മോശമായത് കാണരുത്...... രാജ–വിദ്യയുടെ കാര്യം വേറെയാണ്. അല്പകാല സുഖത്തിന് വേണ്ടി മാത്രമാണ് അത്. അടുത്ത ജന്മത്തിൽ വീണ്ടും പുതിയതായി പഠിക്കണം. അത് അല്പകാല സുഖം. ഇത് 21 ജന്മം, 21 തലമുറക്കുവേണ്ടി. വാർദ്ധക്യം വരെയാണ് തലമുറയെന്ന് പറയുന്നത്. അവിടെ ഒരിക്കലും അകാല മൃത്യു ഉണ്ടാകില്ല. ഇവിടെ നോക്കൂ എങ്ങനെയെല്ലാം അകാല മൃത്യു സംഭവിച്ചു കൊണ്ടിരിക്കുന്നു. ജ്ഞാനത്തിലും മരിച്ചുപോകുന്നു. നിങ്ങൾ ഇപ്പോൾ കാലന്റെ മേൽ വിജയം നേടികൊണ്ടിരിക്കുന്നു. അറിയുന്നു അത് അമരലോകമാണ്, ഇത് മൃത്യുലോകമാണ്. അവിടെ വയസ്സാകുമ്പോൾ സാക്ഷാൽക്കാരവും ഉണ്ടാകും– നമ്മൾ ഈ ശരീരം ഉപേക്ഷിച്ച് കുട്ടിയായി ജന്മം എടുക്കും. വയസ്സ് പൂർത്തിയാകുമ്പോൾ ശരീരം ഉപേക്ഷിക്കും. പുതിയ ശരീരം ലഭിക്കുമെങ്കിൽ അത് നല്ലതല്ലേ. ഇരിക്കെ–ഇരിക്കെ സന്തോഷത്തോടെ ശരീരം ഉപേക്ഷിക്കും. ഇവിടെ ആ അവസ്ഥയിൽ ഇരുന്നും ശരീരം ഉപേക്ഷിക്കുന്നതിന് പരിശ്രമിക്കുന്നു. ഇവിടുത്തെ പരിശ്രമം അവിടെ സാധാരണമായി മാറുന്നു. ഇവിടെ ദേഹസഹിതം ഏതെല്ലാം ഉണ്ടോ അതെല്ലാം മറക്കണം. സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കണം, ഈ പഴയലോകത്തെ ഉപേക്ഷിക്കണം. പുതിയ ശരീരം എടുക്കണം. ആത്മാവ് സതോപ്രധാനമായിരുന്നപ്പോൾ സുന്ദര ശരീരം ലഭിച്ചു. പിന്നീട് കാമ– വികാരത്തിന്റെ ചിതയിൽ ഇരുന്നതിലൂടെ കറുത്ത് തമോപ്രധാനമായി. അതിനാൽ ശരീരവും ശ്യാമവർണ്ണത്തിലുള്ളത് ലഭിച്ചു. സുന്ദരനിൽ നിന്ന് കറുപ്പായി മാറി. കൃഷ്ണന്റെ പേര് കൃഷ്ണൻ തന്നെയാണ് പിന്നെ എന്തുകൊണ്ട് ശ്യാമസുന്ദരനെന്ന് പറയുന്നു? ചിത്രങ്ങളിലും കൃഷ്ണന്റെ ശരീരം കറുപ്പായി കാണിക്കുന്നു, പക്ഷേ അർത്ഥം

മനസിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു സതോപ്രധാനമായിരുന്നപ്പോൾ സുന്ദരനായിരുന്നു. ഇപ്പോൾ തമോപ്രധാനക്കറുപ്പായി. സതോപ്രധാനം പുരുഷോത്തമം,തമോപ്രധാനം കനിഷ്ഠം. ബാബയാണെങ്കിൽ സദാ പവിത്രമാണ്. ബാബ വരുന്നത് തന്നെ നമ്മളെ സുന്ദരനാക്കുവാനാണ്. വഴികാട്ടിയാണല്ലോ. കല്പ–കല്പം വരുന്നു, ഇല്ലായെങ്കിൽ പഴയ ലോകത്തെ ആര് പുതിയതാക്കും? ഇത് പതീതം ഛീ–ഛീ ലോകമാണ്. ഈ കാര്യങ്ങൾ ലോകത്തുള്ള ആരും അറിയുന്നില്ല. ഇപ്പോൾ നമ്മൾ അറിയുന്നു ബാബ നമ്മളെ പുരുഷോത്തമനാക്കുവാൻ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. വീണ്ടും ദേവതയാകുന്നതിന് വേണ്ടി നമ്മൾ ബ്രാഹ്മണരായിരിക്കുന്നു. നമ്മൾ സംഗമയുഗീ ബ്രഹ്മണരാണ്. ഇപ്പോൾ സംഗമയുഗമാണെന്ന് ലോകത്തെ ആർക്കും അറിയില്ല. കാരണം ശാസ്ത്രങ്ങളിൽ ലക്ഷ കണക്കിന് വർഷം കല്പത്തിന്റെ ആയുസ്സ് എന്നെഴുതി, അതിനാൽ വിചാരിക്കുന്നു, കലിയുഗം ഇപ്പോഴും ഒരു കൊച്ചു കുട്ടിയാണ്. നിങ്ങൾ ഇപ്പോൾ ഹൃദയം കൊണ്ട് മനസ്സിലാക്കുന്നു – നമ്മൾ ഉത്തമനിലും ഉത്തമൻ, കലിയുഗീ പതീതത്തിൽ നിന്ന് സത്യയുഗീ പാവനം, മനുഷ്യനിൽ നിന്നും ദേവതയാകുവാൻ ഇവിടെ വന്നു. ഗ്രന്ഥത്തിലും മഹിമ പാടുന്നു–അഴുക്കായ വസ്ത്രം അലക്കി. പക്ഷേ ഗ്രന്ഥം പഠിക്കുന്നവർ പോലും അർത്ഥം മനസ്സിലാക്കുന്നില്ല. ഈ സമയം ബാബ വന്ന് മുഴുവൻ ലോകത്തിലെ മനുഷ്യരേയും ശുദ്ധമാക്കുന്നു. നിങ്ങൾ ആ ബാബയുടെ മുന്നിൽ ഇരിക്കുന്നു. ബാബ തന്നെയാണ് കുട്ടികൾക്ക് മനസിലാക്കിത്തരുന്നത്. ഈ രചയിതാവിന്റേയും, രചനയുടേയും ജ്ഞാനം ആരും അറിയുന്നില്ല. ബാബ ജ്ഞാനസാഗരനാണ്, സത്യമാണ്, ചൈതന്യമാണ്, അമരനാണ്. പുനർജന്മരഹിതനാണ്. നിങ്ങൾക്ക് ഇപ്പോൾ ബാബ 21 ജന്മത്തെയ്ക്ക് സമ്പത്ത് നൽകി കൊണ്ടിരിക്കുന്നു. ഇത് അവിനാശി പഠിത്തമാണ്. പഠിപ്പിക്കുന്നതും അവിനാശി ബാബ. അരകല്പം നിങ്ങൾ രാജ്യം നേടുന്നു, പിന്നീട് രാവണരാജ്യമാകുന്നു. അരകല്പം രാമരാജ്യം, അരകല്പം രാവണ രാജ്യം.

പ്രാണനേക്കാളും സ്നേഹം ഒരു ബാബയോടാണ് എന്തുകൊണ്ടെന്നാൽ ആ ബാബ നിങ്ങൾ കുട്ടികളെ എല്ലാ ദു:ഖത്തിൽ നിന്നും മുക്തമാക്കി അപാര സുഖത്തിലേയ്ക്ക് കൊണ്ടുപോകുന്നു. നിങ്ങൾ നിശ്ചയത്തോടെ പറയുന്നു അത് നമ്മുടെ പ്രാണനേക്കാളും പ്രിയപ്പെട്ട പാരലൗകിക പിതാവാണ്. ആത്മാവിനെയാണ് പ്രാണനെന്ന് പറയുന്നത്. എല്ലാ മനുഷ്യരും ആ ബാബയെ ഓർമ്മിക്കുന്നു, എന്തുകൊണ്ടെന്നാൽ ആ ബാബ അരകല്പത്തേയ്ക്ക് ദു:ഖത്തിൽ നിന്ന് മുക്തമാക്കി ശാന്തി, സുഖം നൽകുന്നു.അതിനാൽ പ്രാണനേക്കാളും പ്രീയമായതാണ് .നിങ്ങൾക്കറിയാം സത്യയുഗത്തിൽ നമ്മൾ സദാ സുഖത്തിലായിരുന്നു . ബാക്കിയുള്ളവർ ശാന്തിധാമത്തിലേക്ക് മടങ്ങി പോകും. പിന്നീട് രാവണ രാജ്യമാകുമ്പോൾ ദു:ഖം തുടങ്ങും. ദു:ഖത്തിന്റെയും സുഖത്തിന്റെയും കളിയാണ്. മനുഷ്യർ മനസിലാക്കുന്നു ഇവിടെ തന്നെയാണ് ഇപ്പോൾ–ഇപ്പോൾ സുഖം, ഇപ്പോൾ–ഇപ്പോൾ ദു:ഖം. പക്ഷേ അങ്ങനെയല്ല, നിങ്ങൾ അറിയുന്നു സ്വർഗം വേറെയാണ്, നരകം വേറെയാണ്. സ്വർഗത്തിന്റെ സ്ഥാപന രാമൻ ചെയ്യുന്നു, നരകത്തിന്റെ സ്ഥാപന രാവണൻ ചെയ്യുന്നു. രാവണന്റെ കോലം വർഷാ–വർഷം കത്തിക്കുന്നു. പക്ഷേ എന്തിന് കത്തിക്കുന്നു ? എന്ത് വസ്തുവാണ് ? ഒന്നും അറിയുന്നില്ല. എത്ര ചെലവ് ചെയ്യുന്നു. എത്ര കഥകൾ ഇരുന്ന് കേൾപ്പിക്കുന്നു, രാമന്റെ സീതാദേവിയെ രാവണൻ കൊണ്ടുപോയി. മനുഷ്യരും മനസ്സിലാക്കുന്നു അങ്ങനെ സംഭവിച്ചിരിക്കാം.

ഇപ്പോൾ നിങ്ങൾക്ക് എല്ലാവരുടേയും കർത്തവ്യം അറിയാം. നിങ്ങളുടെ ബുദ്ധിയിൽ ഈ ജ്ഞാനമുണ്ട് .മുഴുവൻ ലോകത്തിന്റെയും ഹിസ്റ്ററിയും ജ്യോഗ്രഫിയും ഒരു മനുഷ്യരും അറിയുന്നില്ല. ബാബയാണ് അറിയുന്നത്. ബാബയെ ലോകത്തിന്റെ രചയിതാവ് എന്നും പറയില്ല. ലോകം ഉള്ളത് തന്നെയാണ്, ബാബ കേവലം വന്ന് ഈ ചക്രം എങ്ങനെ കറങ്ങുന്നു എന്ന ജ്ഞാനം നൽകുന്നു. ഭാരതത്തിൽ ഈ ലക്ഷ്മി–നാരായണന്റെ രാജ്യമായിരുന്നു, പിന്നീട് എന്ത് സംഭവിച്ചു? എന്താ ദേവതമാർ ആരോടെങ്കിലും യുദ്ധം ചെയ്തുവോ? അങ്ങനെ ഒന്നും തന്നെയില്ല. അരകല്പത്തിന് ശേഷം രാവണ രാജ്യം ആരംഭിക്കുന്നതിലൂടെ ദേവതമാർ വാമ മാർഗത്തിലേയ്ക്ക് പോകുന്നു. ബാക്കി ആരോ യുദ്ധത്തിൽ പരാജയപ്പെടുത്തി, അങ്ങനെയൊന്നും ഇല്ല. സേനയുടെ കാര്യമൊന്നുമില്ല. യുദ്ധത്തിലൂടെ രാജ്യം നേടുന്നുമില്ല, നഷ്ടപ്പെടുത്തുന്നുമില്ല. ഇത് യോഗത്തിൽ ഇരുന്ന് പവിത്രമായി പവിത്ര രാജ്യം നിങ്ങൾ സ്ഥാപിക്കുകയാണ്. ബാക്കി കൈയ്യിൽ ആയുധമൊന്നുമില്ല. ഇത് ഡബിൾ അഹിംസയാണ്. ഒന്ന്, പവിത്രതയുടെ അഹിംസ, രണ്ട്, നിങ്ങൾ ആർക്കും ദു:ഖം കൊടുക്കുന്നില്ല. കാമവികാരത്തിന്റെ ഹിംസയാണ് ഏററവും വലിയ ഹിംസ. അത് ആദി – മദ്ധ്യ – അന്ത്യം ദു:ഖം നൽകുന്നു. രാവണ രാജ്യത്തിലാണ് ദു:ഖം ആരംഭിക്കുന്നത്. രോഗങ്ങളും ആരംഭിക്കുന്നു. എത്രമാത്രം രോഗമാണ്. അനേക പ്രകാരത്തിലുള്ള മരുന്നുകളും ഇറങ്ങുന്നു. പക്ഷേ രോഗിയായല്ലോ. നിങ്ങൾ ഈ യോഗബലത്തിലൂടെ 21–ജന്മത്തെയ്ക്ക് നിരോഗിയാകുന്നു. അവിടെ ദു:ഖം,രോഗം ഇതിന്റെ പേരോ, അടയാളമോ ഇല്ല. ആ ലോകത്തിലേയ്ക്ക് പോകുന്നതിന് വേണ്ടി പഠിച്ചു കൊണ്ടിരിക്കുന്നു. കുട്ടികൾ അറിയുന്നു ഭഗവാൻ നമ്മളെ പഠിപ്പിച്ച് ഭഗവാൻ – ഭഗവതി ആക്കുന്നു. പഠിത്തവും എത്ര സഹജമാണ്.

അര – മുക്കാൽ മണിക്കൂർ കൊണ്ട് മുഴുവൻ ചക്രത്തിന്റേയും ജ്ഞാനം മനസിലാക്കി തരുന്നു. 84 – ജന്മം ആരാര് എടുക്കുന്നു–ഇത് നിങ്ങൾ അറിയുന്നു.

നിരാകാരനായ ഭഗവാൻ നമ്മളെ പഠിപ്പിയ്ക്കുകയാണ്. ഭഗവാന്റെ സത്യമായ പേര് ശിവൻ എന്നാണ്. മംഗളകാരിയണല്ലോ? സർവ്വരുടേയും മംഗളകാരി സർവ്വരുടേയും സദ്ഗതിദാതാവ് ഉയർന്നതിലും ഉയർന്ന ബാബയാണ്. ഉയർന്നതിലും ഉയർന്ന മനുഷ്യരാക്കി മാറ്റുന്നു. ബാബ പഠിപ്പിച്ച് യോഗ്യരാക്കി മാറ്റിയിട്ട് പറയുന്നു ഇനി നിങ്ങൾ പോയി പഠിപ്പിയ്ക്കൂ. ഈ ബ്രഹ്മാകുമാർ കുമാരിമാരെ പഠിപ്പിയ്ക്കുന്നത് ശിവബാബയാണ്. ബ്രഹ്മാവിലൂടെ നിങ്ങളെ ദത്തെടുത്തിരിയ്ക്കുകയാണ്. പ്രജാപിതാ ബ്രഹ്മാവ് എവിടെ നിന്നും വന്നു? ഇക്കാര്യത്തിൽ തന്നെയാണ് ആശയക്കുഴപ്പം. ഇദ്ദേഹത്തിനെ ദത്തെടുത്തിരിയ്ക്കുന്നു, പറയുന്നു, വളരെ ജന്മങ്ങളുടെ അന്തിമ ജന്മത്തിൽ ..... വളരെ ജന്മങ്ങൾ എടുത്തിട്ടുള്ളതാരാണ്? ഈ ലക്ഷ്മീ നാരയണനാണ് പൂർണ്ണമായും 84 ജന്മങ്ങൾ എടുക്കുന്നത് അതുകൊണ്ടാണ് കൃഷ്ണനെ ശ്യാമസുന്ദരൻ എന്നു പറയുന്നത്. നമ്മൾ സുന്ദരന്മാരായിരുന്നു പിന്നെ രണ്ട് കല കുറഞ്ഞു. കലകൾ നഷ്ടമായി ഇപ്പോൾ ഒരു കലയും ഇല്ലാത്തവരായി. ഇനി തമോപ്രാധാനത്തിൽ നിന്നും എങ്ങനെ സതോപ്രധാനമാകും? ബാബ പറയുന്നു, എന്നെ ഓർമ്മിയ്ക്കൂ എങ്കിൽ നിങ്ങൾ പാവനമാകും. ഇത് രുദ്രജ്ഞാന യജ്ഞമാണെന്നും അറിയാം. യജ്ഞത്തിന് ബ്രാഹ്മണരെ വേണം. സത്യമായ ഗീത കേൾപ്പിയ്ക്കുന്ന ബ്രാഹ്മണരാണ് നിങ്ങൾ കുട്ടികൾ അതു കൊണ്ട് സത്യമായ ഗീതാപാഠശാല എന്നു നിങ്ങൾ എഴുതി വയ്ക്കുന്നു. ആ ഗീതയിൽ പേരു തന്നെ മാറ്റി കളഞ്ഞു. പിന്നെ കഴിഞ്ഞ കല്പത്തിൽ ആരെല്ലാം സമ്പത്തെടുത്തിട്ടുണ്ടോ അവരെല്ലാം അതു പോലെ തന്നെ എടുക്കും. തന്റെ ഹൃദയത്തിനോടു ചോദിയ്ക്കൂ– എനിയ്ക്ക് പൂർണ്ണമായും സമ്പത്തെടുക്കുവാൻ സാധിയ്ക്കുമോ? മനുഷ്യർ ശരീരം ഉപേക്ഷിയ്ക്കുമ്പോൾ വെറുംകൈയ്യോടെയാണ് പോകുന്നത്, ആ വിനാശിയായ സമ്പാദ്യം ഒപ്പം വരില്ല. നിങ്ങൾ ശരീരം വിട്ടുപോകുമ്പോൾ നിറഞ്ഞ കൈയ്യോടെ പോകും, കാരണം 21 ജന്മത്തേയ്ക്കു നിങ്ങൾ തനിയ്ക്കു വേണ്ടി സമ്പാദിയ്ക്കുകയാണ്. മനുഷ്യരുടെ സമ്പാദ്യം മുഴുവൻ മണ്ണിൽ പൂണ്ടുപോകും. അതിനാൽ നമ്മൾക്ക് എന്തുകൊണ്ട് ബാബക്ക് കൊടുത്ത് ട്രാൻസ്ഫർ ചെയ്തുകൂടാ. വളരെ ദാനം ചെയ്യുന്നവർ അടുത്ത ജന്മത്തിൽ സമ്പന്നരാകുന്നു, ട്രാൻസ്ഫർ ചെയ്യപ്പെടുമല്ലോ? ഇപ്പോൾ നിങ്ങൾ 21 ജന്മത്തെയ്ക്കു വേണ്ടി പുതിയ ലോകത്തിലേയ്ക്കു ട്രാൻസഫർ ചെയ്യുന്നു, അതിനു പകരമായി നിങ്ങൾക്കു 21 ജന്മത്തേയ്ക്കു കിട്ടുന്നു. അവർ ഒരു ജന്മത്തേയ്ക്ക് അല്പകാലത്തേയ്ക്കു ട്രാൻസഫർ ചെയ്യുന്നു. നിങ്ങൾ ട്രാൻസഫർ ചെയ്യുന്നത് 21 ജന്മത്തേയ്ക്കു വേണ്ടിയാണ്. ബാബ ദാതാവു തന്നെയാണ്. ഇതു ഡ്രാമയിലുള്ളതാണ്. ആരെത്ര ചെയ്യുന്നുവോ അതിനുള്ളത് നേടുന്നു. അവർ ഇൻഡയറക്ട് ദാനപുണ്യം ചെയ്യുന്നതു കൊണ്ട് അൽപകാലത്തേയ്ക്കു പകരം കിട്ടുന്നു. ഇവിടെ ഡയറക്ടാണ്. ഇപ്പോൾ എല്ലാം പുതിയ ലോകത്തിലേയ്ക്ക് ട്രാൻസഫർ ചെയ്യണം. ഈ ബ്രഹ്മവിനെ നോക്കൂ എത്ര സമർത്ഥനാണ്. എല്ലാം ഈശ്വരൻ തന്നു എന്നാണ് നിങ്ങൾ പറയുന്നത്. ഇപ്പോൾ ബാബ പറയുന്നു അതെല്ലാം എനിയ്ക്കു തരൂ. ഞാൻ നിങ്ങൾക്ക് വിശ്വത്തിന്റെ ചക്രവർത്തീ പദവി തരുന്നു. ബ്രഹ്മാബാബ ഉടനെ തന്നെ നൽകി, ചിന്തിച്ചില്ല. ഫുൾ പവ്വറും നൽകി, എനിയ്ക്കു വിശ്വത്തിന്റെ ചക്രവർത്തീ പദവി കിട്ടുവാൻ പോകുകയാണ് എന്ന ലഹരി കയറി. കുട്ടികളെക്കുറിച്ചൊന്നും ചിന്തിച്ചില്ല. നൽകുന്നയാൾ ഈശ്വരനാണെങ്കിൽ മറ്റുള്ളവരുടെ ഉത്തരവാദിത്വം എന്തിനെടുക്കണം. 21 ജന്മത്തേയ്ക്കു വേണ്ടി എങ്ങനെ ട്രാൻസ്ഫർ ചെയ്യണം എന്ന കാര്യം ബ്രഹ്മാബാബയെ കണ്ടു ഫോളോ ചെയ്യു. പ്രജാപിത ബ്രഹ്മാവു ചെയ്തില്ലേ? ഈശ്വരൻ ദാതാവാണ്. ഈശ്വരനാണ് ഇദ്ദേഹത്തിനെ കൊണ്ടു ചെയ്യിപ്പിച്ചത്. നമ്മൾ ബാബയിൽ നിന്നും ചക്രവർത്തീ പദവി എടുക്കുവാനാണു വന്നതെന്നു നിങ്ങൾക്കുമറിയാം. ദിവസം ചെല്ലുന്തോറും സമയം കുറഞ്ഞുവരുന്നു. ആപത്തുകൾ അങ്ങനെയുള്ളത് വരും, ചോദിക്കയേ വേണ്ട. വ്യാപാരികളുടെ നെടുവീർപ്പാണെങ്കിൽ കൈയ്യിലുള്ള പണത്തിലാണ്, ആൾക്കൂട്ടം ഒന്നും വരല്ലേ. സൈനികരുടെ മുഖം കാണുമ്പോൾ മനുഷ്യർക്ക് ബോധക്ഷയം വരും. മുന്നോട്ടു പോകുമ്പോൾ വളരെയധികം ബുദ്ധിമുട്ടും. സ്വർണ്ണമൊന്നും സൂക്ഷിച്ചു വയ്ക്കാനും സമ്മതിയ്ക്കില്ല. പിന്നെ നിങ്ങളുടെ അടുക്കൽ എന്തു അവശേഷിയ്ക്കാനാണ്? പൈസ ഉണ്ടെങ്കിലല്ലേ എന്തെങ്കിലും വാങ്ങിയ്ക്കുവാൻ സാധിയ്ക്കൂ. നോട്ടുകൾ ഉപയോഗിയ്ക്കുവാനും പറ്റില്ല. രാജ്യം മാറും. അന്തിമത്തിൽ വളരെ ദുഖിച്ചു മരിയ്ക്കും. ഒരുപാടു ദു:ഖിച്ചതിനു ശേഷം സുഖം ഉണ്ടാകും. ഇതാണ് രക്തച്ചൊരിച്ചിലിന്റെ കളി. പ്രകൃതിക്ഷോഭങ്ങളും ഉണ്ടാകും. ഇതിനെല്ലാം മുൻപേ ബാബയിൽ നിന്നും സമ്പത്തെടുക്കണം. യാത്രകളൊക്കെ ചെയ്തോളു പക്ഷേ ബാബയെ ഓർമ്മിയ്ക്കണം എങ്കിൽ പാവനമാകും. പിന്നെ ആപത്തുകൾ ഒരുപാടു വരും. ഒരുപാടു പേരുടെ നിലവിളികൾ ഉയരും. അന്തിമത്തിൽ ഒരു ശിവബാബ മാത്രം ഓർമ്മ വരുവാൻ നിങ്ങൾ കുട്ടികൾ പ്രാക്ടീസ് ചെയ്യണം. ബാബയുടെ ഓർമ്മയിൽ ശരീരം വിടണം ഒരു മിത്ര സംബന്ധികളേയും ഓർമ്മ വരരുത്. ഈ പ്രാക്ടീസ് ചെയ്യണം. ബാബയെ ഓർമ്മിയ്ക്കണം, നാരായണൻ ആകണം. ഈ അഭ്യാസം നല്ലതുപോലെ ചെയ്യേണ്ടി വരും. ഇല്ലെങ്കിൽ ഒരുപാടു പശ്ചാത്തപിയ്ക്കും. മറ്റാരുടെയെങ്കിലും ഓർമ്മ വന്നാൽ തോറ്റു പോകും. പാസാകുന്നവർ വിജയമാലയിൽ കോർക്കപ്പെടും. ബാബയെ എത്ര ഓർമ്മിയ്ക്കുന്നു എന്നു തന്നോടു ചോദിയ്ക്കണം. എന്തെങ്കിലും കൈയ്യിൽ ഉണ്ടെങ്കിൽ

അന്തിമത്തിൽ അത് ഓർമ്മവരും. കൈയിൽ ഇല്ലെങ്കിൽ ഓർമ്മ വരില്ല. ബാബ പറയുന്ന എന്റെ കൈയിൽ ഒന്നും തന്നെ ഇല്ല. ഇതൊന്നും എന്റെ വസ്തുവല്ല. ആ ജ്ഞാനത്തിനു പകരം ഈ ജ്ഞാനം കേൾക്കൂ എങ്കിൽ 21 ജന്മത്തേയ്ക്കു സമ്പത്ത് കിട്ടും. ഇല്ലെങ്കിൽ സ്വർഗത്തിന്റെ ചക്രവർത്തി പദവി കളയുകയാണ്. ബാബയിൽ നിന്നും സമ്പത്തെടുക്കുവാനാണ് നിങ്ങൾ ഇവിടെ വന്നത്. തീർച്ചയായും പാവനമായേ പറ്റൂ. ഇല്ലെങ്കിൽ ശിക്ഷകൾ അനുഭവിച്ച് കർമ്മക്കണക്ക് തീർക്കേണ്ടി വരും. പദവിയൊന്നും കിട്ടില്ല. ശ്രീമത്തനുസരിച്ചു നടന്നാൽ കൃഷ്ണനെ മടിയിലിരുത്താം. കൃഷ്ണനെപ്പോലൊരു പതിയേയോ, കുട്ടിയേയോ കിട്ടണം എന്നു പറയാറില്ലേ. ചിലർ നല്ലതു പോലെ മനസ്സിലാക്കുന്നു, ചിലർ തലകീഴായത് പറയുന്നു.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  പുലർകാല വന്ദനവും.  ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക്  നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം

1) ബ്രഹ്മാബാബ തന്റെ സർവ്വതും ബാബയ്ക്കു ട്രാൻസ്ഫർ ചെയ്ത് ഫുൾപവറും ബാബയ്ക്കു നൽകി, ചിന്തിച്ചില്ല, ഇക്കാര്യത്തിൽ ബാബയെ ഫോളൊ ചെയ്ത് 21 ജന്മത്തേയ്ക്കു പ്രാലബ്ധം ശേഖരിയ്ക്കണം.

2) അന്തിമത്തിൽ ഒരു ബാബയല്ലാതെ മറ്റൊന്നും ഓർമ്മ വരാതിരിയ്ക്കുവാൻ പ്രാക്ടീസ് ചെയ്യണം. നമ്മുടേതായി ഒന്നും ഇല്ല, എല്ലാം ബാബയുടേതാണ്. ബാബയും സമ്പത്തും, ഈ സ്മൃതിയിൽ പാസായി വിജയമാലയിൽ വരണം.

## വരദാനം:– മനസ്സിനെ പൂർണ്ണമായും ശ്രദ്ധിക്കുന്ന കയറുന്ന കലയുടെ അനുഭവിയും വിശ്വപരിവർത്തകരുമായി ഭവിക്കട്ടെ.

ഇപ്പോൾ അന്തിമ സമയത്ത് മനസ്സിലൂടെ  വിശ്വപരിവർത്തനത്തിന് നിമിത്തമാകണം അതിനാൽ ഇപ്പോൾ മനസ്സിലെ ഒരു സങ്കല്പമെങ്കിലും   വ്യർത്ഥമായാൽ വളരെയധികം നഷ്ടം വരും, ഒരു സങ്കൽപം പോലും സാധാരണ കാര്യമായി കാണരുത്, വർത്തമാന സമയത്ത് സങ്കല്പത്തിന്റെ ചഞ്ചലത പോലും  ഏറ്റവും വലുതായി കണക്കാക്കുന്നു  കാരണം ഇപ്പോൾ സമയം മാറി കഴിഞ്ഞു, പുരുഷാർത്ഥത്തിന്റെ ഗതിയും മാറി. അതിനാൽ സങ്കല്പത്തിന് തന്നെ  ഫുൾസ്റ്റോപ്പ് ഇടണം. മനസ്സിനെ  ഇത്രയധികം ശ്രദ്ധിക്കുമ്പോൾ കയറുന്ന കലയിലൂടെ വിശ്വപരിവർത്തകരാകാൻ കഴിയും.

## സ്ലോഗൻ: – കർമ്മത്തിലും യോഗത്തിന്റെ അനുഭവം ഉണ്ടാകുക എന്നാൽ കർമയോഗിയാകുക.

**അവ്യക്ത സൂചന : കമ്പയിന്റ് സ്വരൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയി ആകൂ**
താങ്കളും ബാബയും  ഈ കമ്പയിന്റ് രൂപത്തിന്റെ അനുഭവം ചെയ്ത്, സദാ ശുഭ ഭാവന , ശ്രേഷ്ഠകാമന, ശ്രേഷ്ഠവാണി, ശ്രേഷ്ഠദൃഷ്ടി, ശ്രേഷ്ഠകർമ്മം ഇതിലൂടെ വിശ്വകല്യാണകാരി സ്വരൂപത്തിന്റെ അനുഭവം ചെയ്യുകയാണെങ്കിൽ സെക്കന്റിൽ സർവ്വ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ കഴിയും.സദാ ഈ സ്ളോഗൻ ഓർമ്മിക്കണം "  ഒരിക്കലും ഞാൻ  പ്രശ്നം ആവുകയില്ല , പ്രശ്നങ്ങൾ കണ്ട് ഭയപ്പെടില്ല, സ്വയം സമാധാന സ്വരൂപമായിരിക്കും മറ്റുള്ളവർക്ക് പരിഹാരം നൽകും." ഈ സ്മൃതി സഫലത സ്വരൂപമാക്കും.